# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3473** — **22/08/2017-ൽ മറുപടിക്ക്**

## കോളറ പടരാതിരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** സംസ്ഥാനത്ത് പടർന്നുപിടിച്ച പകർച്ചപനിക്കു പിന്നാലെ കോളറ രോഗം പടർന്നുപിടിക്കാൻ സാധ്യതയുണ്ടെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ; | **എ)** നൽകിയിട്ടുണ്ട്. |
| **ബി)** അടുത്ത കാലത്ത് കോളറ മൂലമുള്ള മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | **ബി)** ഉണ്ട്. പത്തനംതിട്ട ജില്ലയിൽ വള്ളിക്കോട് പഞ്ചായത്തിൽ ഒരു ഇതര സംസ്ഥാന തൊഴിലാളി മരണപ്പെട്ടിട്ടുണ്ട്. |
| **സി)** കോളറ പടരാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | **സി)** രോഗബാധിത പ്രദേശങ്ങളിൽ എല്ലാ കുടിവെള്ള സ്രോതസ്സുകളും തുടർച്ചയായി സൂപ്പർ ക്ലോറിനേഷൻ നടത്തി വരുന്നു. പഞ്ചായത്ത് പ്രതിനിധികളുടെ നേതൃത്വത്തിൽ പൊതുജനയോഗം നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. കൂടാതെ ഈ പ്രദേശങ്ങളിൽ താമസിക്കുന്ന മുഴുവൻ ഇതര സംസ്ഥാന തൊഴിലാളികൾക്കും അവരുടെ മാതൃഭാഷയിൽ ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ നടത്തി. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സഹായത്തോടു-കൂടി രോഗബാധിത പ്രദേശത്ത് പൊതുജനങ്ങൾക്ക് ആരോഗ്യബോധ-വൽക്കരണ ക്ലാസ്സ് അടക്കമുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വയറിളക്കമുള്ളവരെ എത്രയും പെട്ടെന്ന് കണ്ടെത്തി ആവശ്യമായ ചികിത്സ നൽകുവാനുള്ള പ്രവർത്തനങ്ങൾ ചെറുപ്പ എം.സി.എച്ച് യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. ജില്ലാ ദ്രുതകർമ്മ സേനയും ആഗസ്റ്റ് 10,11 തീയതികളിൽ സംസ്ഥാന തല ദ്രുതകർമ്മ സേനാംഗങ്ങളും സ്ഥലം സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ മെഡിക്കൽ ആഫീസർക്ക് നൽകിയിട്ടുണ്ട്.<br>പത്തനംതിട്ട ജില്ലയിൽ 25/07/2017 തീയതിയിൽ ജില്ലാ ദ്രുതകർമ്മ |

→

| | |
|---|---|
| | സേനായോഗം കൂടി രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് വേണ്ട പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി. രോഗബാധിത പ്രദേശത്ത് 55 കിണറുകളിൽ ദിവസവും സൂപ്പർ ക്ലോറിനേഷൻ നടത്തുകയും വാർഡ് ഹെൽത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആ വാർഡിലെ ആകെയുള്ള 485 കിണറുകളിലും ക്ലോറിനേഷൻ നടത്തുവാൻ ആരോഗ്യവകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തിളപ്പിച്ചാറിയ വെള്ളം കുടിക്കുവാനും കൈകൾ സോപ്പുപയോഗിച്ച് കഴുകുവാനും വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുവാനും ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. രോഗബാധിത പ്രദേശത്ത് കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തി പൊതുജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുകയും ഒ.ആർ.എസ് വിതരണം നടത്തുകയും ചെയ്തു. 2300 ബോധവൽക്കരണ നോട്ടീസുകൾ പഞ്ചായത്തുകളിൽ വിതരണം ചെയ്യുകയുണ്ടായി. പഞ്ചായത്തുതലത്തിൽ മീറ്റിംഗ് നടത്തുകയും പ്രതിരോധ-പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മറ്റ് ജില്ലകളിൽ കോളറ അലർട്ട് നൽകുകയും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. |
| **ഡി)** കോളറ നിയന്ത്രിക്കുവാൻ സമഗ്രമായ ബോധവൽക്കരണ പരിപാടി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | **ഡി)** കോളറ നിയന്ത്രിക്കുവാൻ സമഗ്രമായ ബോധവൽക്കരണ പരിപാടികൾ നടന്നു-വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**